**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4

30.11.2015-ൽ മറുപടി നൽകാനുണ്ടായിരുന്നത്

## ഭരണമികവിന് ദേശീയ അന്തർദേശീയ അംഗീകാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. പി. സജീന്ദ്രൻ<br>„ എ. റ്റി. ജോർജ്<br>„ വർക്കല കഹാർ<br>„ വി. ഡി. സതീശൻ | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | ഭരണ മികവിന് സംസ്ഥാനത്തിന് ദേശീയ അന്തർദേശീയ തലങ്ങളിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദ മാക്കുമോ ; | (എ)<br>&<br>(ബി) | സംസ്ഥാന ഭരണത്തിന്റെ മികവിന് യു.എൻ.ഡി.പിയുടെ പ്രശംസ ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസിലൂടെയും വെബ് ടെലി കാസ്റ്റിങ്ങി ലൂടെയും, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും, സുതാര്യമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയെ ക്കുറിച്ചും യു.എൻ.ഡി.പി. യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പു രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലേയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ട തുണ്ടെന്ന് അഭിപ്രായപ്പെടുകയു മുണ്ടായി. ഇതിനു പുറമേ സുസ്ഥിര ടൂറിസം വികസനത്തിനുള്ള ഐക്യരാഷ്ട്ര സംഘടനയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന തിരുവനന്തപുരം നഗരത്തിലെ റോഡ് വികസനപദ്ധതിയ്ക്ക് വാഷിംഗ്ടൺ ആസ്ഥാനമായ ഇന്റർനാഷണൽ റോഡ് ഫെഡറേഷന്റെ 2015-ലെ ഗ്ലോബൽ റോഡ് അച്ചീവ്മെന്റ് അവാർഡ് സംസ്ഥാനത്തിന് ലഭിച്ച മറ്റൊരു അന്താരാഷ്ട്ര അംഗീകാരമാണ്.<br><br>കൃഷി, പൊതുഭരണം, വിദ്യാഭ്യാസം, അടിസ്ഥാനസൗകര്യവികസനം എന്നീ മേഖലകളിലെ മികവിന് 2012-13 വർഷത്തെ ഇൻഡ്യാ ടുഡേ സ്റ്റേറ്റ് ഓഫ് സ്റ്റേറ്റ്സ് അവാർഡ്, സംസ്ഥാനത്തെ അധ്യാപന രീതിയ്ക്ക് വിദ്യാഭ്യാസ വകുപ്പിന് ലഭിച്ച സെൻട്രൽ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരം, 2011, 2012, 2014, 2015 എന്നീ വർഷങ്ങളിൽ വിവരപൊതുജനസമ്പർക്ക വകുപ്പിന് ലഭിച്ച IITF മെഡലുകൾ എന്നിവ സംസ്ഥാനത്തിന് കിട്ടിയ ചില ദേശീയ അംഗീകാരങ്ങളാണ്.<br><br>ഇവ കൂടാതെ സംസ്ഥാനത്തെ ഐ.ടി. വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പ്രമുഖ e-governance പദ്ധതികളായ അക്ഷയ, e-district, |
| (ബി) | പ്രസ്തുത അംഗീകാരം ഏതെല്ലാം മേഖലകളിലാണ് ലഭിച്ചിട്ടുള്ളത്: വിശദാംശങ്ങൾ ലഭ്യമാക്കുമോ: | | |

| | | | |
|---|---|---|---|
| | | | e-procurement, e-office, ആധാർ എന്നീ പദ്ധതികൾക്ക് ദേശീയ പുരസ്കാരങ്ങളായ ഇ വേർഡ് അവാർഡ്, CSI നിഹിലന്റ് അവാർഡ്, Geospatial Leadership Award, Data Quest CMR e-Readiness Award, e-India അവാർഡ്, Skoch Award എന്നീ ദേശീയ പുരസ്കാരങ്ങൾ വിവിധ വർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗത്തിന് സർക്കാർ വകുപ്പുകളിൽ PRICE എന്ന സോഫ്ട്‌വെയർ നടപ്പാക്കിയതിന് നാഷണൽ അപ്രീസിയേഷൻ അവാർഡും CSI യുടെ സ്പെഷ്യൽ ജൂറി അവാർഡും ലഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ പെർഫോർമൻസ് മോണിറ്ററിംഗ് ഇവാല്യുവേഷൻ സിസ്റ്റം (പി.എം.ഇ.എസ്) നടപ്പിലാക്കിയത് ദേശീയ അന്തർദേശീയ ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. പ്രസ്തുത പി.എം.ഇ.എസ് മോഡൽ യു.എൻ.ഡി.പി. ആസ്ഥാനത്തും ലോകബാങ്ക് ആസ്ഥാനത്തും അവതരിപ്പിക്കുന്നതിന് കേരളത്തെ ക്ഷണിക്കുകയുണ്ടായി.<br><br>സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ടൂറിസം വകുപ്പിന് 2012-2015 വർഷങ്ങളിൽ പ്രശസ്തമായ Golden City – ITB Berlin Award, 2012-2014 വർഷങ്ങളിൽ Lonely Planet – Travel Award, 2011, 2013-2015 വർഷങ്ങളിൽ PATA എന്നീ അന്താരാഷ്ട്ര പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ഐക്യരാഷ്ട്രസഭയുടെ ഉപസംഘടനയായ United Nation World Tourism Organisation ഏർപ്പെടുത്തിയ Excellence and Innovation in Tourism, ULYSSES Award എന്നിവ ടൂറിസം വകുപ്പിന് ലഭിച്ചിട്ടുണ്ട്.<br><br>ഇന്ത്യാ ഗവൺമെന്റിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 2014 ജൂലൈ 02 മുതൽ 04 വരെ മികച്ചതും അനുകരണീയവുമായ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ കണ്ടെത്താനായി നടത്തിയ ദേശീയ ഉച്ചകോടിയിൽ കേരളത്തിന് കുഞ്ഞുങ്ങളുടെ ജനിതകരോഗങ്ങൾ കണ്ടുപിടിക്കാനുള്ള പ്രോഗ്രാം, മെച്ചപ്പെട്ട കിടത്തി ചികിത്സാസേവനങ്ങൾക്കും-ഓപ്പറേഷൻ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള എംപവേർഡ് ആക്ഷൻ ഗ്രൂപ്പിൽ പെടാത്ത (നോൺ ഇ.എ.ജി.) സംസ്ഥാനങ്ങൾക്കുള്ള അവാർഡ് എന്നിവയിൽ ഒന്നാം സ്ഥാനവും പാലിയേറ്റീവ് കെയർ പ്രോഗ്രാമിന് മൂന്നാം സ്ഥാനവും ലഭിക്കുകയുണ്ടായി. ഇന്ത്യാ ഗവൺമെന്റിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 2013 ജൂലൈ 03 മുതൽ 05 വരെ മികച്ചതും |

| | | | |
|---|---|---|---|
| | | | അനുകരണീയവുമായ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ കണ്ടെത്താനായി നടത്തിയ ദേശീയ ഉച്ചകോടിയിൽ പൊതുജനാരോഗ്യരംഗത്തെ ശ്രേഷ്ഠവും അനുകരണീയവുമായ നൂതന പദ്ധതികൾ ആവിഷ്കരിച്ചതിനും സംസ്ഥാനത്ത് നടപ്പിലാക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടിക്കും അവാർഡുകൾ കേരളത്തിന് ലഭിക്കുകയുണ്ടായി. മെഡ്സ്കാപ്പ് ഇൻഡ്യയുടെ പൊതുജനാരോഗ്യ രംഗത്തെ മികവിനുള്ള ഒന്നാം സമ്മാനം കേരള സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രിക്ക് ലഭിക്കുകയുണ്ടായി. കൂടാതെ ഇൻഡ്യൻ സൊസൈറ്റി ഫോർ ലെഡ് അവയർനെസ് ആന്റ് റിസർച്ചിന്റെ 2015-ലെ അവാർഡും ആർ.എൻ.റ്റി.സി.പി.യുടെ പ്രവർത്തനത്തിനുള്ള ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള ഡോ. കെ.സി. മൊഹന്തി അവാർഡും 2013 -ൽ ലഭിക്കുകയുണ്ടായി. |
| (സി) | ഏതെല്ലാം മേഖലകളാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത് : വ്യക്തമാക്കുമോ : | (സി) & (ഡി) | സംസ്ഥാന ഭരണത്തിന്റെ എല്ലാ മേഖലകളിലും മുൻ വർഷങ്ങളിലേക്കാൾ സമഗ്രമായ മികവ് വരും വർഷങ്ങളിലും നേടിയെടുക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും നടന്നു വരുന്നത്. വിഷൻ 2030, എമർജിംഗ് കേരള, സേവനാവകാശ നിയമം തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും നിയമ നിർമ്മാണത്തിലൂടെയും സംസ്ഥാന ഭരണത്തിൽ സമഗ്രമായ മികവ് നേടിയെടുക്കുന്നതിന് ശ്രമിച്ചു വരുന്നു. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തി വരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി നടന്നുവരുന്നു. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ